(ബി) നടപ്പ് സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി എത്ര രൂപയാണ് സംസ്ഥാന സർക്കാർ വകയിരുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി സംബന്ധിയായ പഠന-ഗവേഷണങ്ങളെ ഉദ്ദേശിച്ചുകൊണ്ട് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ "ഇക്കോളജി ആന്റ് എൻവയോൺമെന്റ്" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു. അതുവഴി ആറ് ഗവേഷണ പ്രോജക്ടുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന പരിസ്ഥിതിയെക്കുറിച്ച് ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുവാനുള്ള പദ്ധതിയും തീരദേശ പരിപാലനത്തെ സംബന്ധിച്ച് ENVIS NODE എന്ന പദ്ധതിയും മറ്റു ബോധവൽക്കരണ പരിപാടികളും, സെമിനാറുകളും നടത്തിയിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്ക് പുറമെ പരിസ്ഥിതി നിരീക്ഷണം ലക്ഷ്യമാക്കിക്കൊണ്ട് വെള്ളം, വായു, മണ്ണ് ഇവയുടെ ഗുണമേന്മ കൃത്യമായി നിർണ്ണയിച്ച് കാലക്രമേണയുള്ള മാറ്റങ്ങൾ ശേഖരിക്കാനുള്ള ഒരു പദ്ധതി (Environmental Monitoring Project) നടപ്പു സാമ്പത്തിക വർഷം തയ്യാറാക്കിവരുന്നു.

(സി) 30 ലക്ഷം രൂപ.

(ഡി) ENVIS NODE Project-ന് നടപ്പു സാമ്പത്തിക വർഷം 5.29 ലക്ഷം രൂപയും സംസ്ഥാനത്തിന്റെ പരിസ്ഥിതിയുടെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിക്ക് 3.55 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

പി. എസ്. സി.-യുടെ പരിധിയിൽപെടാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ

30 [3405] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനപരിധിയിൽ പെടാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടത്തിവരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 112 പൊതുമേഖലാ സ്ഥാപനങ്ങളിൽ 91 പൊതുമേഖലാ സ്ഥാപനങ്ങളെ പലപ്പോഴായി പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ബാക്കിയുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ബി) സർക്കാരിന്റെ 28-2-1992-ലെ 14898/ബിപിഇ2/91/പ്ലാനിംഗ് നമ്പർ സർക്കുലർ, 20-9-1997-ലെ 16340/ബിപിഇ 2/96/പ്ലാനിംഗ് നമ്പർ സർക്കുലർ എന്നിവ പ്രകാരം പ്രതിമാസം 2000 രൂപയ്ക്ക് താഴെ അടിസ്ഥാന ശമ്പളമുള്ള തസ്തികകളാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ വരുന്നത്. പ്രതിമാസം 2000 രൂപയും അതിനുമുകളിലും അടിസ്ഥാന ശമ്പളമുള്ള മാനേജിരിയൽ/പ്രൊഫഷണൽ തസ്തികകളിലേക്കുള്ള നിയമനങ്ങൾ ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. അതുപോലെത്തന്നെ പ്രതിമാസം 2000 രൂപയ്ക്ക് താഴെ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ ഏതെങ്കിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന പരിധിയിൽ വരാത്തതായുണ്ടെങ്കിൽ അവയിലേക്കുള്ള നിയമനങ്ങളും ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ടാണ് നടത്തുന്നത്. ഇപ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ട് നിയമനം നടത്തുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വ്യവസ്ഥകളും സർക്കാരിന്റെ 28-2-1992-ലെ 14896/ബിപിഇ2/91/പ്ലാനിംഗ് നമ്പർ സർക്കുലറിലും 18-1-1997-ലെ 11119/ബിപിഇ2/96/പ്ലാനിംഗ് നമ്പർ സർക്കുലറിലും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

വെട്ടിക്കുറച്ചതും സൃഷ്ടിച്ചതുമായ തസ്തികകൾ

31 [3406] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വകുപ്പിലും എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതു വകുപ്പുകളിലാണെന്നും വ്യക്തമാക്കുമോ;

(സി) 2001 മേയ്മാസം മുതൽ ഇതുവരെയുള്ള കാലയളവിൽ ഇതിൽ വിവിധ വകുപ്പുകളിലായി നികത്തപ്പെടാതെ കിടക്കുന്ന റിട്ടയർമെന്റ് വേക്കൻസിയിലെ തസ്തികകളുടെ എണ്ണവും തസ്തികകളെ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?